## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2140 — 18.06.2013 ലെ മറുപടിയ്ക്ക്

## സംസ്ഥാനത്തെ മണി ലെൻഡർമാരുടെ നിയന്ത്രണം, നിർവ്വഹണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ മണി ലെൻഡർമാരുടെ നിയന്ത്രണം, നിർവ്വഹണം, ലൈസൻസ് നൽകൽ എന്നിവ കൈകാര്യം ചെയ്യുന്നത് ഏത് ആക്റ്റ് പ്രകാരമാണ്; പ്രസ്തുത വ്യവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ മണിലെൻഡർമാരുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് വാണിജ്യ നികുതി വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന കേരള മണി ലെൻഡേഴ്സ് ആക്റ്റ്, 1958 ഉം, ടി നിയമപ്രകാരം നിർമ്മിച്ച ചട്ടങ്ങളും മുഖേനയാണ്. ടി നിയമത്തിന്റെ 2(7) വകുപ്പിൽ നിർവ്വചിക്കപ്പെട്ട മണിലെൻഡർമാർ വകുപ്പ് 3 പ്രകാരം ലൈസൻസ് എടുക്കേണ്ടതും, വകുപ്പ് 4 പ്രകാരം ലൈസൻസ് ഫീ, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഒടുക്കേണ്ടതുമാണ്. |
| (ബി) | മണി ലെൻഡേഴ്സിന്റെ വാർഷിക ലൈസൻസ് ഫീസ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് രീതിയിലാണ്; | (ബി) | ഭരണ നിർവ്വഹണ ചെലവുകളിലുണ്ടായിട്ടുള്ള വർദ്ധനവ്, മണിലെൻഡർമാർക്ക് നൽകുന്ന വിവിധ ഇലക്ട്രോണിക് സർവ്വീസുകൾ എന്നിവ പരിഗണിച്ച് കേരള ഫിനാൻസ് ബിൽ-2013 പ്രകാരം വാർഷിക ലൈസൻസ് ഫീസ് 10,000/- രൂപയായി ഉയർത്തിയിട്ടുണ്ട്. |

(സി) മണി ലെൻഡേഴ്സിന് പൊതുജനങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിക്കുവാൻ വ്യവസ്ഥയുണ്ടോ; നിക്ഷേപം സ്വീകരിക്കുന്നതിനുള്ള നിയമാനുസൃത മാർഗ്ഗം വ്യക്തമാക്കാമോ;

(സി) മണി ലെൻഡർമാർ, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ആക്ട്, 1934-ലെ വ്യവസ്ഥകൾക്കനുസരിച്ചുമാത്രമേ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ പാടുള്ളൂ.

(ഡി) നിക്ഷേപങ്ങൾക്കും ലോണുകൾക്കും പലിശ നിശ്ചയിക്കുന്നതിന് സർക്കാരിന് അധികാരമുണ്ടോ?

(ഡി) മണിലെൻഡർമാർ സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ നിരക്ക്, നോൺബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനീസ് (റിസർവ് ബാങ്ക്) ഡയറക്ഷൻ, 1977 പ്രകാരം റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ നിശ്ചയിച്ച നിരക്കിനെ അധികരിക്കുവാൻ പാടില്ല. കേരള മണിലെൻഡേഴ്സ് ആക്ട്, 1958 ലെ 7(1) വകുപ്പ് പ്രകാരം ഒരു മണിലെൻഡറും ഒരു ലോണിനും കമേഴ്സ്യൽ ബാങ്കുകൾ ഈടാക്കുന്ന പരമാവധി പലിശ നിരക്കിൽനിന്നും 2 ശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കുവാൻ പാടുള്ളതല്ല. പ്രസ്തുത വകുപ്പിന്റെ പ്രൊവിസോ പ്രകാരം കാലാകാലങ്ങളിൽ ഗവൺമെന്റിന് പ്രസ്തുത പലിശ നിരക്ക് വിജ്ഞാപനം ചെയ്യാവുന്നതാണ്.

സെക്ഷൻ ഓഫീസർ.